## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*74. 04.03.2020 ൽ മറുപടിയ്ക്ക്

## ലഹരി വിരുദ്ധ പ്രചരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കാരാട്ട് റസാഖ്<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>പ്രൊഫ.കെ.യു. അരുണൻ | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ നടത്തിയ സർവ്വേ പ്രകാരം ലഹരി വസ്തുക്കളുടെ അമിതോപയോഗമുള്ള സംസ്ഥാനമല്ലെങ്കിലും സംസ്ഥാനത്തെ യുവജനതയിൽ മുപ്പത് ശതമാനത്തോളം വരുന്നവർ മദ്യം, പുകയില ഉല്പന്നങ്ങൾ, മറ്റു ലഹരി വസ്തുക്കൾ തുടങ്ങിയവ ഉപയോഗിക്കുന്നവരാണെന്ന ചില റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ലഹരി വിരുദ്ധ പ്രചരണം ശക്തിപ്പെടുത്തുമോ; | (എ) യും (ബി) യും | ഇത്തരത്തിലുള്ള ഒരു സർവ്വേ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഹരി വസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുന്നതിനാവശ്യമായ ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് 'നാളത്തെ കേരളം ലഹരിമുക്ത നവകേരളം' എന്ന തീവ്രയജ്ഞ ബോധവൽക്കരണ പരിപാടി ജനകീയ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സർക്കാർ ഓഫീസുകളിൽ ലഹരി വിരുദ്ധ കമ്മറ്റികൾ രൂപീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കോർപ്പറേഷൻ, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, വാർഡുതല കമ്മിറ്റികൾ എന്നിവ സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്. ലൈബ്രറി കൗൺസിൽ, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ എന്നിവരുടെ സജീവ സഹകരണത്തോടെയാണ് ലഹരി വർജ്ജന പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നത്. |
| (ബി) | ലഹരി വിപത്തിനെ നിർമ്മാർജ്ജനം ചെയ്യാൻ 'നാളത്തെ കേരളം ലഹരി വിമുക്ത നവകേരളം' എന്ന തീവ്രയജ്ഞ പരിപാടി ജനകീയ പങ്കാളിത്തത്തോടെയാണോ ആവിഷ്കരിച്ചിരിക്കുന്നത്; | | |
| (സി) | മയക്കുമരുന്നു വ്യാപാരികൾ കുട്ടികളെ ഉപയോഗിച്ചുകൊണ്ടും എൻ.ഡി.പി.എസ്. നിയമത്തിലെ പഴുതുകൾ ഉപയോഗിച്ചുകൊണ്ടും കേസിൽ നിന്നും രക്ഷപെട്ട് വീണ്ടും വ്യാപാരം നടത്തുന്നതായി | (സി) | ഉണ്ട്. ഇതു പരിഹരിക്കുന്നതിനായി കേന്ദ്രനിയമമായ എൻ.ഡി.പി.എസ്. ആക്ട് ഭേദഗതി ചെയ്യുന്നതിനായുള്ള ശുപാർശ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കാൻ നിയമഭേദഗതിയുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കുന്നുണ്ടോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ